LIBRARY ARCHIVES Kerala Legislative Assembly

ഓവർഡ്രാഫ്റ്റ് തുക

155 (495) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് എടുക്കാവുന്ന പരമാവധി ഓവർ ഡ്രാഫ്റ്റ് തുക എത്ര കോടിയാണ് ; ഏറ്റവും ഒടുവിൽ എടുത്ത ഓവർ ഡ്രാഫ്റ്റ് തുക എത്രയായിരുന്നു ; ഈ സർക്കാരിന്റെ കാലത്ത് എടുത്ത ഏറ്റവും കൂടിയ ഓവർ ഡ്രാഫ്റ്റ് തുക എത്രയായിരുന്നു ;

(ബി) പുതിയ ധനകാര്യവർഷം ആരംഭിക്കുമ്പോൾ സംസ്ഥാനത്തിന്റെ ഓവർ ഡ്രാഫ്റ്റ് തുക എത്ര കോടിയായി ഉയരാൻ സാദ്ധ്യതയുള്ളതായി അനുമാനിക്കുന്നു ; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന് എടുക്കാവുന്ന ഓവർ ഡ്രാഫ്റ്റ് തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടില്ല. ഏറ്റവും ഒടുവിലായി 2014 സെപ്റ്റംബർ 11-ാം തീയതി 5.28 കോടി രൂപ ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടുണ്ട്.ഈ സർക്കാരിന്റെ കാലത്ത് എടുത്ത ഏറ്റവും കൂടിയ ഓവർ ഡ്രാഫ്റ്റ് തുക 726.44 കോടി രൂപയാണ്.

(ബി) പുതിയ ധനകാര്യ വർഷം ആരംഭിക്കുമ്പോൾ ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ടിവരില്ല എന്ന് അനുമാനിക്കുന്നു.

നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

• **156 (496)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 28-4-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 151/14/ധന പ്രകാരം നിയമിക്കപ്പെട്ട സമിതിയുടെ ശുപാർശകൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) പ്രസ്തുത നടപടികളുടെ അടിസ്ഥാനത്തിൽ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിരക്കുകളിലും മറ്റ് ഏർപ്പെടുത്തിയ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ജീവിത ചെലവിൽ ഉണ്ടാകുന്ന വർദ്ധനവ് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 28-4-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 151/14/ധന നമ്പർ പ്രകാരം നിയമിക്കപ്പെട്ട സമിതിയുടെ ശുപാർശകൾ ഇപ്രകാരമാണ്. വിവിധ വകുപ്പുകളിലായി പിരിച്ചെടുക്കാനുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള നിർദ്ദേശം, സർക്കാർ നൽകിയിട്ടുള്ള ഉപാധിരഹിത സ്റ്റേ ഓർഡറുകൾ പിൻവലിക്കുക, കോടതി മുഖാന്തരമുള്ള സ്റ്റേ ഓർഡറുകൾ ബന്ധപ്പെട്ട വകുപ്പ് അഡ്വ. ജനറലുമായി കൂടിയാലോചിച്ച് സ്റ്റേ ഒഴിവാക്കി വേഗത്തിൽ കേസ്സുകൾ തീർപ്പാക്കാനുള്ള നടപടികൾ കൈക്കൊള്ളുക, ഭൂമിയുടെ ന്യായവില യുക്തമായ നിരക്കിൽ പുതുക്കി നിശ്ചയിക്കുക, പാർട്ടീഷൻ സെറ്റിൽമെന്റ് ഗിഫ്റ്റ് ആധാരങ്ങളുടെ രജിസ്ട്രേഷനുള്ള സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് 19-7-2011-ന് മുമ്പുള്ള നിരക്കിന്റെ 50 ശതമാനമെങ്കിലും പുതുക്കി നിശ്ചയിക്കേണ്ടതും നിലവിലെ പരമാവധി നിരക്ക് എന്നുള്ളത് ഒഴിവാക്കേണ്ടതുമാണ്, ഭൂനികുതി ഇരട്ടിയായി വർദ്ധിപ്പിക്കുക, തോട്ടം നികുതി പുതുക്കി നിശ്ചയിക്കുക, അലോക്കേറ്റഡ് ഫ്ളോർ ഏരിയയുടെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതി ചുമത്തുക, പാട്ടക്കുടിശ്ശികയായി ലഭിക്കാനുള്ള തുക അടിയന്തരമായി പിരിച്ചെടുക്കുക, വനഭൂമിയുടെ പാട്ടവാടക വർദ്ധിപ്പിക്കുക, വനം വികസന നികുതി, കാട്ടിൽനിന്നും ശേഖരിക്കുന്ന മണലിന്റെ സിനിയറേജ് നിരക്ക്, തടിയുടെയും മറ്റ് വനോൽപന്നങ്ങളുടേയും സിനിയറേജ് നിരക്ക് എന്നിവ യുക്തിസഹമായ രീതിയിൽ വർദ്ധിപ്പിക്കുക, മോട്ടോർ വെഹിക്കിൾ ആക്ട് പ്രകാരമുള്ള നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ പുനർരജിസ്ട്രേഷൻ നടത്തുമ്പോൾ 5 വർഷത്തേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഒറ്റത്തവണ നികുതി ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുക, വാട്ടർ ചാർജ് നിരക്കുകൾ വർദ്ധിപ്പിക്കുക, വാട്ടർ താരിഫ് നിർണ്ണയിക്കുക/നിയന്ത്രിക്കുക, ഗാർഹിക,കാർഷിക,വ്യാവസായിക ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂതല/ഭൂഗർഭ ജലത്തിന് ചാർജ്ജ് നിർണ്ണയിക്കുന്നതിനായി 13-ാം ധനകാര്യ കമ്മിഷൻ നിർദ്ദേശപ്രകാരമുള്ള ഒരു വാട്ടർ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുക, ഡാമുകളിലെ മണൽ നീക്കം ചെയ്ത് അവയുടെ വിൽപ്പനവഴി അധിക വരുമാനം നേടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക, ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി പുതിയ തസ്തികകൾ/സ്ഥാപനങ്ങൾ/ബോർഡുകൾ/കോർപ്പറേഷനുകൾ എന്നിവ സൃഷ്ടിക്കുന്നത് നടപ്പുസാമ്പത്തിക വർഷവും അടുത്ത സാമ്പത്തിക വർഷവും പൂർണ്ണമായും നിരോധിക്കുക, സമാന മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നിവ സംയോജിപ്പിക്കുക അധിക തസ്തികകൾ കണ്ടെത്തി പുനർവിന്യാസം നടത്തുക, ചെലവുകൾക്ക് പാദവാർഷിക പരിധി നിശ്ചയിച്ച് നൽകുക തുടങ്ങിയവ.

(ബി) 10-9-2014-ലെ സ.ഉ.(പി) നമ്പർ 387/2014/ധന. ഉത്തരവ് പ്രകാരം ഡാമിൽനിന്ന് മണൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം സമർപ്പിക്കുന്നതിന് ഒരു കാബിനറ്റ് ഉപസമിതിയെ നിയമിച്ചിട്ടുണ്ട്. 19-9-2014-ലെ സ.ഉ.(പി) നമ്പർ. 399/2014/ധന നമ്പർ. ഉത്തരവ് പ്രകാരം റവന്യൂ കുടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 19-9-2014 ലെ തന്നെ സ.ഉ.(പി) നം.400/2014/ധന നമ്പർ. പ്രകാരം 2015 മാർച്ച് 31 വരെ പുതിയ തസ്തിക/പുതിയ സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവ സൃഷ്ടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. 25-9-2014-ലെ സ.ഉ.(എംഎസ്.) നമ്പർ. 88/2014/ WRD പ്രകാരം വാട്ടർ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 10-11-2014-ലെ സ.ഉ. (പി) നമ്പർ. 482/2014/ ധനനമ്പർ. പ്രകാരം എല്ലാ ഉപാധിരഹിത സ്കേകളും പിൻവലിച്ചിട്ടുണ്ട്. കൂടാതെ ഭൂനികുതി, തോട്ടം നികുതി, ഭൂമിയുടെ ന്യായവില എന്നിവയും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(സി) നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിരക്കുകളിലും മറ്റും ഏർപ്പെടുത്തിയ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ജീവിത ചെലവിൽ ഉണ്ടാകുന്ന വർദ്ധനവ് കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly